(ഇ) അല്ല.

പി. മുരളിയുടെ കൊലപാതകം

177 (178) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്നും ആർക്കെല്ലാം എതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കുന്നുണ്ടോ; ഗൂഢാലോചനയിൽ ഏർപ്പെട്ടവർ ആരൊക്കെയാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് കമ്പളയിൽ പി. മുരളി എന്നയാളിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 545/2014 u/s 341, 302, 506 (ii), 212 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ (1) ശരത് രാജ് @ ശരത് (2) ദിനേശ് @ ദിന, (3) വരദരാജ് @ ഭരത്, (4) മിഥുൻകുമാർ, (5) നിതിൻ രാജ് (6) കിരൺകുമാർ, (7) മഹേഷ്, (8) അജിത് കുമാർ എന്നിവർ പ്രതികളായിട്ടുള്ളതും എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ് ഇപ്പോൾ കണ്ണൂർ മേഖലാ ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്.

(ബി) മേൽപ്പറഞ്ഞ കേസ് സംബന്ധിച്ച് അമ്പത്താറോളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതും പ്രസ്തുത കൊലപാതകത്തിന്റെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട് എന്ന വിവരവും കേസിന്റെ മറ്റ് അന്വേഷണ വിവരങ്ങളും ഈ കേസിന്റെ തുടർ അന്വഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ

178 (179) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ അതിക്രമങ്ങളിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ട്, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly